പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2352

23.3.2012 ൽ
മറുപടിയ്ക്ക്

## ഐ.ടി. പാർക്കുകൾ

**ചോദ്യം**

ശ്രീ. റ്റി.വി. രാജേഷ് ;

എ) മുൻ സർക്കാരിന്റെ കാലത്ത് എത്ര ഐ.ടി. പാർക്കുകൾക്കാണ് തറക്കല്ലിട്ടിരുന്നത് ; വിശദാംശം നൽകാമോ ; അവയിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചു ; ബാക്കിയുള്ളവ എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പ് മന്ത്രി)

എ) മുൻ സർക്കാരിന്റെ കാലത്ത് താഴെപ്പറയുന്ന പാർക്കുകൾക്കു തറക്കല്ലിട്ടിരുന്നു.

1. ടെക്നോപാർക്ക് മൂന്നാംഘട്ടം
2. കൊല്ലം ടെക്നോപാർക്ക്,
3. ടെക്നോസിറ്റി,
4. ഇൻഫോപാർക്ക് ചേർത്തല
5. ഇൻഫോപാർക്ക് അമ്പലപ്പുഴ
6. ഇൻഫോപാർക്ക് തൃശ്ശൂർ (കൊരട്ടി)
7. ഇൻഫോപാർക്ക് കൊച്ചി രണ്ടാംഘട്ടം
8. കോഴിക്കോട് സൈബർപാർക്ക്
9. കണ്ണൂർ സൈബർപാർക്ക്
10. കാസർഗോഡ് സൈബർപാർക്ക്

ടെക്നോപാർക്ക് മൂന്നാംഘട്ടത്തിൽ ഐ.ടി. കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായി വരുന്നു. കൊല്ലം ടെക്നോപാർക്കിൽ കമ്പനികൾ പ്രവർത്തിച്ചു തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടെക്നോസിറ്റിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കൊരട്ടി ഇൻഫോപാർക്ക് ഒന്നാംഘട്ടം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇൻഫോപാർക്ക് ചേർത്തലയുടെ നിർമ്മാണം ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. ഇൻഫോപാർക്ക് അമ്പലപ്പുഴ നിർമ്മാണ പ്രവർത്തനം ആരംഭിച്ചെങ്കിലും പരിസ്ഥിതി പ്രശ്നങ്ങൾ പരിഗണിച്ച് ഐ.ടി. പാർക്കിന്റെ സ്ഥലം മാറ്റി സ്ഥാപിക്കുവാൻ തീരുമാനിക്കുകയുണ്ടായി. ഇൻഫോപാർക്ക് കൊച്ചിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കോഴിക്കോട്, കണ്ണൂർ ഐ.ടി. പാർക്കുകൾക്ക് കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
കാസർഗോഡ് ഐ.ടി. പാർക്കിന് വേണ്ടി സ്ഥലം അനുവദിച്ച് ഉത്തരവായെങ്കിലും പ്രസ്തുത സർക്കാർ ഭൂമിക്ക് അടുത്ത് മറ്റ് ചില പദ്ധതികൾക്ക് കൂടി ഭൂമി കണ്ടെത്തിയിട്ടുള്ളതു കൊണ്ട് ഉടമസ്ഥാവകാശം നൽകേണ്ടുന്ന ഭൂമിയുടെ സർവ്വേ നമ്പർ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.
കൈവശാവകാശം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

ബി) കേരളത്തിൽ പുതുതായി ഏതെല്ലാം ജില്ലകളിലാണ് ഐ.ടി. പാർക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത് ?

ബി) മലപ്പുറം ജില്ലയിൽ ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ